കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# സുറാഖത്തിൽ പുലർന്ന പ്രവചനം

**നബി(സ)** മക്കവിട്ട സംഭവം നാട്ടിൽ കാട്ടുതീ പോലെ പരന്നു. വാർത്ത കേട്ട ഖുറൈശീ നേതാക്കൾ തളർന്നു. 'മുഹമ്മദിനെ ജീവനോടെ പിടിക്കണം' എന്നു വെപ്രാളപ്പെട്ടു നാട്ടിലുടനീളം അവർ പരക്കം പാച്ചിലായി. വീടുകൾതോറും കയറിയിറങ്ങി. അബൂബക്ർ സിദ്ദീഖിന്റെ വീട്ടിൽ മകൾ അസ്മാഅ് ഉണ്ടായിരുന്നു. അബൂജഹ്ൽ ആക്രോശിച്ചു: 'എവിടെയുണ്ടെടീ നിന്റെ ഉപ്പ?' 'അറിഞ്ഞു കൂടാ' – അസ്മാഅ് പറഞ്ഞു. ആ പാവം പെണ്ണിന്റെ മുഖത്ത് അബൂജഹ്ൽ ആഞ്ഞ് ഒരു വീക്ക് കൊടുത്തു. അവളുടെ കാതിലെ കമ്മൽ ദൂരെ തെറിച്ചു വീണു.

അന്വേഷണം മക്കയുടെ നാനാഭാഗത്തേക്കും നീണ്ടു. മരുഭൂമിയിൽ പതിഞ്ഞ കാലടിപ്പാടുകൾ പിന്തുടർന്നു. ഒടുവിൽ നബി(സ)യും കൂട്ടുകാരൻ അബൂബക്റും ഒളിച്ചു കഴിയുന്ന സൗർ ഗുഹയുടെ സമീപത്തും എത്തി. ശത്രുക്കൾ ഗുഹക്കകത്തു കടന്നാൽ പ്രവാചകന് വല്ല വിപത്തും സംഭവിച്ചേക്കുമോ എന്നാശങ്കിച്ചു കഴിയുകയായിരുന്നു അബൂബക്ർ സിദ്ദീഖ്(റ). ഒരു യുവാവ് ഇങ്ങനെ വിളിച്ചു പറയുന്നുണ്ടായിരുന്നു: 'ഈ ഗുഹക്കകത്ത് ഒന്ന് ഇറങ്ങി നോക്കിയാലോ?' – 'ഗുഹാമുഖത്തെ ചിലന്തിവലകൾ നീ കണ്ടില്ലേ? മുഹമ്മദിന്റെ ജനനത്തേക്കാൾ പഴക്കം ഉണ്ടതിന്'– പ്രായം ചെന്ന ഉമയ്യത്തുബ്നു ഖലഫ് ആ യുവാവിനെ കളിയാക്കി! അബൂജഹ്ൽ പറഞ്ഞു: 'ലാത്തയാണ്, ഉസ്സയാണ് സത്യം! അവൻ ഇവിടെ എവിടെയോ ഉണ്ട്. നമ്മൾ പറയുന്നതും ചെയ്യുന്നതുമൊക്കെ അവൻ കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്. നാം അവനെ കാണാതിരിക്കാൻ അവൻ കൺകെട്ട് വിദ്യ പ്രയോഗിച്ചിരിക്കുകയാണ്.' നിരാശരായി അവർ സ്ഥലം വിട്ടു.

നാളുകൾ രണ്ടെണ്ണം കഴിഞ്ഞു. മൂന്നാം ദിവസം ആളനക്കം അടങ്ങിയെന്നുറപ്പായപ്പോൾ ആരോരുമറിയാതെ പ്രവാചകനും അബൂബക്റും സൗർ ഗുഹയിൽനിന്ന് പുറത്തിറങ്ങി. മദീനയായിരുന്നു ലക്ഷ്യം. കൂടെ വഴികാട്ടിയായി ഒരാളും.

പ്രവാചകന് മദീനയിൽ പുതുതായി അനുയായികളും സഹായികളും ഉണ്ടായിട്ടുണ്ടെന്ന വിവരം ഖുറൈശീ നേതാക്കൾക്കറിയാം. മദീനയെ ലക്ഷ്യം വെച്ചാണ് നബി തിരുമേനി യാത്ര തിരിച്ചതെന്നും അവർ മനസ്സിലാക്കി. പ്രവാചകന്റെ മതം മദീനയിൽ പടർന്നു പന്തലിക്കുന്നതോടെ മദീന മാത്രമല്ല; തങ്ങളുടെ എല്ലാമെല്ലാമായ മക്കയും അറബ് പ്രദേശങ്ങളും പുറംനാടുകളും ആ മതത്തിന്റെ വരുതിയിൽ വരുന്നതും ഇസ്‌ലാമിന് രാഷ്ട്രീയാധിപത്യം ഉണ്ടാകുന്നതും ഭീതിയോടെയായിരുന്നു മക്കാ മുശ്‌രിക്കുകൾ നോക്കിക്കണ്ടിരുന്നത്. മുഹമ്മദിനെ തെരഞ്ഞുപിടിച്ചു ജീവനോടെയോ അല്ലാതെയോ ഹാജരാക്കുന്നവർക്ക് നൂറ് ഒട്ടകം പാരിതോഷികം നൽകുന്നതാണെന്ന് മക്കാ-മദീനാ വഴിയോരങ്ങളിൽ അവർ വിളംബരം ചെയ്തു.

വിവരം ബനൂമദ്‌ലജ് ഗോത്രത്തിലെ ദരിദ്രനായ സുറാഖത്തുബ്നു മാലിക്കിന്റെ കാതിലുമെത്തി. ആ നൂറൊട്ടകം തനിക്ക് സ്വന്തമാക്കണം. അയാൾ തീരുമാനിച്ചു. ഇതിനകം മൂന്നു യാത്രക്കാരെ മദീനയിലേക്കുള്ള വഴിയിൽ കണ്ടതായി ഒരു യാത്രക്കാരൻ പറഞ്ഞു. 'അവരെ എനിക്കറിയാം. അവർ വേറെ ആരോ ആണ്.' സുറാഖത്ത് പറഞ്ഞു.

**പ്രവാചകന്റെ കാലത്ത് തന്നെ ഇസ്‌ലാം ആശ്ലേഷിച്ചിരുന്ന സുറാഖത്തുബ്നു മാലികിനെ ഖലീഫാ ഉമർ(റ) സദസ്സിലേക്ക് വിളിച്ചുവരുത്തി. കിസ്റാ ചക്രവർത്തി അണിയാറുള്ള കുപ്പായവും അങ്കിയും കാലുറകളും അരപ്പട്ടയും കിരീടവും വാളും വളകളും അദ്ദേഹത്തെ അണിയിച്ചു. പിന്നെ അദ്ദേഹത്തെ മുന്നോട്ടും പിന്നോട്ടും തിരിച്ചു നിർത്തി. കൂടിനിൽക്കുന്നവർക്കെല്ലാം നോക്കിക്കാണാൻ വേണ്ടി. നബി(സ)യുടെ പ്രവചനം പുലർന്നു കണ്ടതിലും ബനൂമദ്‌ലജ് ഗോത്രത്തിലെ അപ്രശസ്തനും ദരിദ്രനുമായ സുറാഖത്തുബ്നു മാലിക് ലോകപ്രശസ്തനാകാൻ പോകുന്നതിന് സാക്ഷികളായതിലും ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ട് ജനം അല്ലാഹുവിനെ വാഴ്ത്തി.**

അയാൾ മറ്റുള്ളവരുടെ ശ്രദ്ധ തെറ്റിക്കുകയായിരുന്നു. അയാൾ പയ്യെപ്പയ്യെ ആൾക്കൂട്ടത്തിൽനിന്ന് മാറി, വീട്ടിലെത്തി യാത്രോപകരണങ്ങളും ആയുധങ്ങളുമെടുത്ത് മറ്റാരുടെയും കണ്ണിൽ പെടാതെ മദീന ലക്ഷ്യമാക്കി കുതിരപ്പുറത്ത് പറന്നു. കുതിര പക്ഷേ യാത്രയുടെ തുടക്കത്തിലേ കാലിടറി. സുറാഖത്ത് താഴെ വീണു. അയാൾ കുതിരയെ ശപിച്ചു. രണ്ടാംതവണയും അത് തന്നെ സംഭവിച്ചു. ഇതൊരു ദുഃശ്ശകുനമായി നിനച്ചു അയാൾ. എങ്കിലും നൂറ് ഒട്ടകത്തിന്റെ ഉടമയാകാൻ പോകുന്ന മധുര സ്മരണയിൽ അത് പ്രശ്നമാക്കാതെ വീണ്ടും കുതിരപ്പുറത്തു കയറി യാത്ര തുടർന്നു. കുറേക്കൂടി മുന്നോട്ടുപോയപ്പോൾ നബിയും കൂട്ടുകാരനും അയാളുടെ ദൃഷ്ടിയിൽ പെട്ടു. സഫലമീ യാത്ര എന്നു പുളകം കൊണ്ട് തന്റെ ആവനാഴിയിൽനിന്ന് അമ്പും വില്ലും പുറത്തെടുക്കുന്നതിനിടെ കുതിരയുടെ കാലുകൾ മൂന്നാമതും ഭൂമിയിൽ താണു. എത്ര പണിപ്പെട്ടിട്ടും കുതിരക്ക് കാലുകൾ പറിച്ചെടുക്കാൻ പറ്റിയില്ല. അയാൾ അങ്ങ് ദൂരെയുള്ള നബി(സ)യോടും കൂട്ടുകാരനോടുമായി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'നില്ക്കൂ, ഞാൻ സുറാഖത്തുബ്നു മാലിക്. എന്റെ കുതിരയുടെ കാലുകൾ മണ്ണിൽ പുതഞ്ഞ് പോയിരിക്കുന്നു. നിങ്ങൾ പ്രാർഥിച്ചാൽ അവ അനങ്ങിക്കിട്ടും.' അവർ പ്രാർഥിച്ചു. കുതിരയുടെ കാലുകൾ ചലിക്കാൻ തുടങ്ങി. ദുരാഗ്രഹത്താൽ കുതിരയെ വീണ്ടും മുന്നോട്ടെടുത്തുവെങ്കിലും അതിന്റെ കാലുകൾ വീണ്ടും പതറി. ഇനിയും ഇവരെ പിന്തുടരുന്നത് ശരിയല്ലെന്ന് സുറാഖത്തിന് ബോധ്യമായി. അവരോടായി അദ്ദേഹം വിളിച്ചു പറഞ്ഞു: 'നിങ്ങൾ ഉദ്ദേശിച്ചിടത്തേക്ക് പോയിക്കൊള്ളുക. നിങ്ങളുടെ ദീൻ വിജയിക്കും; സംശയമില്ല. ഞാൻ തിരിച്ചു പോകുന്നു. നിങ്ങളെ ഞാൻ ഉപദ്രവിക്കില്ല. നിങ്ങളെ പിടിക്കാൻ വരുന്നവരെ വഴിയിൽ വെച്ചു ഞാൻ തിരിച്ചുവിടാം. എന്റെ ആയുധങ്ങളും ഭക്ഷണവും നിങ്ങൾക്കു തരാം.' അവർ പറഞ്ഞു: 'ഭക്ഷണവും ആയുധവും ഞങ്ങൾക്കാവശ്യമില്ല. ഞങ്ങളെ തേടിപ്പുറപ്പെട്ടവരെ തിരിച്ചുവിട്ടാൽ മതി.' പോകാൻ നേരത്ത് സുറാഖത്ത് പറഞ്ഞു: 'മുഹമ്മദേ, നീ അത്യുന്നതനാകും; തീർച്ച. അന്ന് നാം തമ്മിൽ കണ്ടുമുട്ടിയാൽ നിന്റെ സന്നിധാനത്തിൽ എനിക്കൊരു പരിഗണന ലഭിക്കണം. അതിനായി നാം ഇപ്പോൾ കണ്ടുമുട്ടിയതിന് ഒരു രേഖതരണം.' നബിയുടെ ആജ്ഞപ്രകാരം അബൂബക്ർ ഒരു എല്ലിൻ കഷണത്തിൽ രേഖ തയാറാക്കി അയാൾക്ക് കിട്ടത്തക്കവിധം എറിഞ്ഞുകൊടുത്തു.

കുതിരപ്പുറത്തുകയറി തിരിച്ചു മക്കയിലേക്ക് പോകാനൊരുങ്ങുമ്പോൾ നബി തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'കിസ്റാ ചക്രവർത്തിയുടെ വളകൾ സുറാഖയുടെ കൈകളിൽ അണിഞ്ഞാൽ എങ്ങനെയുണ്ടാവും!?' മറുപടിയൊന്നും പറയാതെ അയാൾ കുതിരയെ മുന്നോട്ടടിച്ചു; നബി(സ) പറഞ്ഞതിലെ പൊരുളറിയാതെ.

നബി(സ) മദീനയിലെത്തി ഇസ്ലാമിക പ്രബോധന പ്രവർത്തനങ്ങൾ സജീവമാക്കി. മക്കയിൽ നടന്നിട്ടില്ലാത്തതും പൂർത്തിയാക്കാത്തതുമായ ഇസ്ലാമിക സംരംഭങ്ങളത്രയും മദീനയിൽ നടപ്പിൽ വരുത്തി. ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്ലാമിൽ പ്രവേശിച്ചു. അവിടെ ഒരു ഇസ്ലാമിക വ്യവസ്ഥിതി നിലവിൽവന്നു. അന്നാടുകളിലെ ജനങ്ങളത്രയും അതിന്റെ ഗുണഭോക്താക്കളായി. ഭരണത്തലപ്പത്ത് പ്രവാചകൻ ഉണ്ടായിരുന്നു. നബിയുടെ വിയോഗാനന്തരം കൂട്ടുകാരനായ അബൂബക്ർ ആയിരുന്നു വ്യവസ്ഥിതിയുടെ ചുമതലയേറ്റത്. അദ്ദേഹത്തിന്റെ നിര്യാണശേഷം ഉമറുൽഫാറൂഖ് ഖലീഫയായി.

ഇസ്ലാമിക വ്യവസ്ഥിതി വരുവോളം കൈയൂക്കുള്ളവൻ അധികാരം വാണു. പ്രജകളെ നിന്ദിച്ചും അടിമകളാക്കിയും അവരെക്കൊണ്ട് എല്ലുമുറിയെ പണിയെടുപ്പിച്ചും കോട്ടകൊത്തളങ്ങളിലും സുഖവാസകേന്ദ്രങ്ങളിലും അവർ ആഡംബര ജീവിതം നയിച്ചു. ഭരണീയരായ ദരിദ്രജനം ചെറ്റക്കുടിലുകളിൽ അന്നത്തിനു പോലും വകകാണാതെ ദുരിതം പേറിക്കഴിയുകയുമായിരുന്നു. ഇസ്ലാമിക വ്യവസ്ഥിതി വന്നപ്പോൾ സ്ഥിതിയാകെ മാറി.

സുഖലോലുപനായ കിസ്റാ ചക്രവർത്തിയുടെ പേർഷ്യൻ സാമ്രാജ്യത്വം ഉമറി(റ)ന്റെ ഭരണകാലത്താണ് ഇസ്ലാമിന്റെ ധീര യോദ്ധാക്കളുടെ കൈകളാൽ നിലംപരിശായത്. പരാജയം ഭയന്ന് സ്ഥലംവിട്ടോടിയ ചക്രവർത്തിയുടെ കൊട്ടാരങ്ങളിൽ രത്നങ്ങളും വിലപിടിച്ച ആഭരണങ്ങളും കുമിഞ്ഞു കൂടി കിടപ്പുണ്ടായിരുന്നു. ഒരു മൊട്ടുസൂചിപോലും ഒരാളും സ്വന്തമാക്കാനായി തൊട്ടുനോക്കുകപോലും ചെയ്തില്ല.

അവയിൽനിന്ന് പൊതുജനങ്ങൾക്കായി ഖജനാവിൽ ഒടുക്കേണ്ട അഞ്ചിലൊരുഭാഗം മദീനയിൽ ഖലീഫാ ഉമറിന്റെ സന്നിധിയിൽ എത്തി. കിസ്റാ ചക്രവർത്തിയുടെ, സ്വർണനൂൽകൊണ്ടു നെയ്ത വസ്ത്രങ്ങളും കൈത്തണ്ടയിൽ തിളങ്ങാറുള്ളതും ഏറെ പ്രസിദ്ധിയാർജിച്ചതും രാജപ്രൗഢിയുടേതുമായ രണ്ട് സ്വർണ വളകളും കിരീടവും ഉൾപ്പെടെ അമൂല്യമായ പല വസ്തുക്കളും ഉണ്ടായിരുന്നു അതിൽ.

പ്രവാചകന്റെ കാലത്ത് തന്നെ ഇസ്ലാം ആശ്ലേഷിച്ചിരുന്ന സുറാഖത്തുബ്നു മാലികിനെ ഖലീഫാ ഉമർ(റ) സദസ്സിലേക്ക് വിളിച്ചുവരുത്തി. കിസ്റാ ചക്രവർത്തി അണിയാറുള്ള കുപ്പായവും അങ്കിയും കാലുറകളും അരപ്പട്ടയും കിരീടവും വാളും വളകളും അദ്ദേഹത്തെ അണിയിച്ചു. പിന്നെ അദ്ദേഹത്തെ മുന്നോട്ടും പിന്നോട്ടും തിരിച്ചു നിർത്തി. കൂടിനിൽക്കുന്നവർക്കെല്ലാം നോക്കിക്കാണാൻ വേണ്ടി. നബി(സ)യുടെ പ്രവചനം പുലർന്നു കണ്ടതിലും ബനൂമദ്ലജ് ഗോത്രത്തിലെ അപ്രശസ്തനും ദരിദ്രനുമായ സുറാഖത്തുബ്നു മാലിക് ലോകപ്രശസ്തനാകാൻ പോകുന്നതിന് സാക്ഷികളായതിലും ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ട് ജനം അല്ലാഹുവിനെ വാഴ്ത്തി. ■